# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2991 — 13.10.2011 ൽ മറുപടിക്ക്

**കേന്ദ്രവുമായുള്ള ബന്ധം സുദൃഢമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ശ്രീ. സി. ദിവാകരൻ: | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) | |
| എ) | കേന്ദ്രവുമായുള്ള ബന്ധം സുദൃഢമാക്കി കൂടുതൽ പദ്ധതികളും പാക്കേജുകളും നേടിയെടുക്കാൻ ഡൽഹി കേരള ഹൗസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സംവിധാനത്തിൽ എത്ര ജീവനക്കാരാണ് ഉള്ളത് ; | എ) | ഇക്കാര്യത്തിൽ കേരളാഹൗസ് റസിഡന്റ് കമ്മീഷണറുടെ ഓഫീസുമായി ബന്ധപ്പെട്ട് ഒരു ലെയ്സൺ വിഭാഗം പ്രവർത്തിച്ചു വരുന്നു. ഇവിടെ താഴെപ്പറയുന്ന തസ്തികകൾ അനുവദിച്ചിട്ടുണ്ട്<br><br>ലെയ്സൺ ഓഫീസർ : 1<br>അസി. ലെയ്സൺ ഓഫീസർ : 4<br>പ്യൂൺ : 1<br>ഡ്രൈവർ : 1<br><br>കൂടാതെ കേരള സർക്കാരും കേന്ദ്ര സർക്കാരും തമ്മിലുള്ള പരസ്പര സംബന്ധമായ കാര്യങ്ങളുടെ അന്വേഷണങ്ങളും നടപടികളും യഥാസമയം നടത്തുന്നതിനു സ്ഥാപിതമായിട്ടുള്ള ലെയ്സൺ വിഭാഗത്തോടനുബന്ധിച്ച് മൂന്ന് അസിസ്റ്റന്റ് ലെയ്സൺ ഓഫീസർമാരും ഒരു ടൈപ്പിസ്റ്റും അടങ്ങുന്ന എം.പി. സെല്ലും പ്രവർത്തിക്കുന്നു. കേരളത്തിൽ നിന്നുള്ള എം.പി.മാരെ കേന്ദ്രതലത്തിലുള്ള അന്വേഷണങ്ങളിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സഹായിക്കുന്നതിനുവേണ്ടിയാണ് എം.പി. സെൽ രൂപീകൃതമായിട്ടുള്ളത്. |
| ബി) | ഇതുവരെ എത്ര പദ്ധതികളും പാക്കേജുകളും നേടിയെടുക്കാൻ കഴിഞ്ഞു ; അവയുടെ വിശദ വിവരങ്ങൾ വ്യക്തമാക്കാമോ ? | ബി) | കേരളാഹൗസിലെ റസിഡന്റ് കമ്മീഷണറുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ലെയ്സൺ വിംഗിന്റെ ചുമതല കേരളവും കേന്ദ്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സുഗമമായി നടത്തുന്നതിനും ഇവയുടെ കേന്ദ്രതലത്തിലുള്ള അന്വേഷണങ്ങൾ യഥാസമയം നടത്തുന്നതിനും വേണ്ടിയാണ്. കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള പദ്ധതികളുടേയും അനുവദിച്ചിട്ടുള്ള പാക്കേജുകളുടേയും ഇതുവരെയുള്ള വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ